"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസ്- സ്വീപ്പർ തസ്തിക-ശ്രീമതി. ഷംന സി - തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.164/2024/TSM തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. 08.08.2023 ലെ സ.ഉ.(സാധാ)നം. 400/2023/ടൂറിസം.
2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 11.12.2023 ലെ DOT/9299/2023-E5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള കണ്ണൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ സ്വീപ്പർ തസ്തികയിലെ ഒഴിവിൽ ശ്രീമതി. ഷംന സി യെ 31.08.2023 വരെ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത തസ്തികയിലെ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഹൗസ് കീപ്പിംഗ് എന്നത് ഗസ്റ്റ് ഹൗസിനെ സംബന്ധിച്ച് പ്രധാന ഘടകമായതിനാൽ സ്വീപ്പർ തസ്തികയുടെ സേവനം അനിവാര്യമാണെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ആയതിനാൽ 03.09.2023 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടക്കുന്നതുവരെയോ അല്ലെങ്കിൽ സ്ഥിര നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ശ്രീമതി. ഷംന സി യെ തുടരുന്നതിനുള്ള അനുമതി നൽകണമെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗസ്റ്റ് ഹൗസിൽ സ്വീപ്പർ തസ്തികയുടെ അനിവാര്യത കണക്കിലെടുത്തും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ടി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതിനാലും കണ്ണൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ സ്വീപ്പർ തസ്തികയിൽ 03.09.2023 മുതൽ 179 ദിവസത്തേയ്ക്കോ അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടക്കുന്നത്

വരെയോ ഏതാണോ ആദ്യം അത് വരെ മാത്രം താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ശ്രീമതി. ഷംന സി യെ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത കാലാവധിക്ക് ശേഷം ടിയാരിയുടെ സേവനം അവസാനിപ്പിക്കേണ്ട നടപടികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീമതി. ഷംന സി (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം ബി) വകുപ്പ് [02.03.2024 ലെ 2664860/വ്യയം-ബി2/22/2024-ധന. നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/354/2023-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 18-03-2024 11:17:30
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്